കോഴിക്കോട് ജില്ലയിലെ വാഹനാപകടങ്ങൾ

57 [58] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളുടെ അമിതവേഗത പരിശോധിക്കാൻ കോഴിക്കോട് ജില്ലയിൽ എത്ര ഹൈവേ പട്രോളിംഗ് സ്ക്വാഡ് പ്രവർത്തിക്കുന്നുണ്ട്;

(ബി) കഴിഞ്ഞവർഷം കോഴിക്കോട് ജില്ലയിൽ വാഹന അപകടങ്ങളിൽ എത്ര പേർ മരണമടഞ്ഞു; എത്ര പേർക്ക് അപകടം സംഭവിച്ചിട്ടുണ്ട്;

(സി) അപകടം ഒഴിവാക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്?

ഉത്തരം

(എ) രണ്ട് ഹൈവേ പട്രോളിംഗ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) 256 പേർ മരണമടഞ്ഞും 3961 പേർക്ക് അപകടങ്ങളിൽ പരിക്കേറ്റിട്ടുമുണ്ട്.

(സി) അമിതവേഗതയിലും അപകടസാധ്യതയുണ്ടാകുന്നതരത്തിലും വാഹനം ഓടിക്കുന്നവരെ കണ്ടെത്തി അവർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവരുന്നു. നിരന്തരവാഹനപരിശോധനയും നടത്തിവരുന്നു. ഡ്രൈവർമാർക്കും പൊതുജനങ്ങൾക്കും സ്കൂൾ വിദ്യാർത്ഥികൾക്കും ബോധവൽക്കരണ ക്ലാസുകൾ എടുത്തുവരുന്നു.

വിസതട്ടിപ്പ് കേസുകൾ

58 [59] ശ്രീ. സി. ടി. അഹമ്മദ് അലി:
,, ഇസ്ഹാക് കുരിക്കൾ:
,, കെ. എൻ. എ. ഖാദർ:
,, പി. കെ. അബ്ദുറബ്ബ്:
,, പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ എത്ര വിസതട്ടിപ്പ് കേസുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly